K.S.S.P. DOCUMENTATION CENTRE
PARISHAT BHAVAN
TRIVANDRUM-37
KERALA, INDIA.
35/10

2806

സ്പാർട്ടക്കസ്

സ്പാർട്ടക്കസ്

(കഥാപ്രസംഗം)

കഥ: വി. പി. വാസുദേവൻ

തയ്യാറാക്കിയത്: എം. എസ്. മോഹനൻ

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ
ആഭിമുഖ്യത്തിൽ 1981 ഒക്ടോബർ 2 മുതൽ
നവംബർ 7 വരെയുള്ള കാലയളവിൽ
തിരുവനന്തപുരം ജില്ലയിലെ കൊടാകുളത്തുനിന്നും
കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ നിന്നും
തൃശ്ശൂർ വരെ ഓരോ ശാസ്ത്രകലാ ജാഥകൾ
നടത്തുന്നതാണ്. അതോടനുബന്ധിച്ച്
സംസ്ഥാനത്തുടനീളം അവതരിപ്പിക്കുന്ന
സോദ്ദേശ കലാപരിപാടികളിലെ ഒരു
കഥാപ്രസംഗമാണ് സ്പാർട്ടക്കസ്.

SPARTACUS

V. P. Vasudevan

Prepared by: M. S. Mohanan

Published in September 1981

Published and distributed by

Kerala Sastra Sahitya Parishad

Quilon 691013

Printed at: Swaraj Press&Publications, Trivandrum

Rights Reserved

Cover: Chandranandan

Price: Re 0–50

KSSP 82 SKJ FC/8 1/4000

Paper used for the printing of this book has been made available by Government of India at concessional rate.

സ്പാർട്ടക്കസ്

കടുംപാറപൊട്ടിച്ചുടയ്ക്കുന്ന കൈകൾ
ഇരുമ്പൊത്തു തല്ലിത്തഴമ്പിച്ച കൈകൾ
ഉലയ്ക്കുള്ളിലൂതിപ്പഴുപ്പിച്ച കൈകൾ
കലപ്പക്കഴുത്തിൽ തുടിക്കുന്ന കൈകൾ
കൊഴുക്കുന്ന ചേറിൽ പുളയ്ക്കുന്ന കൈകൾ
ഒടുങ്ങാത്ത ദണ്ഡങ്ങൾ കൊയ്യുന്ന കൈകൾ
മനുഷ്യൻെറ കൈകൾ മനുഷ്യൻെറ കൈകൾ
മനുഷ്യൻെറ കൈകൾ മനുഷ്യൻെറ കൈകൾ

സുഹൃത്തുക്കളേ, ആ കൈകളുടെ ഉടമകളെപ്പററിയാണ് ഞാൻ നിങ്ങളോടു പറയുന്നത്. റോമാസാമ്രാജ്യത്തിൻെറ പ്രഭാവത്തിൽ ലോകമെല്ലാം മുങ്ങിപ്പോയ ഒരു കാലഘട്ടം. ജനാധിപത്യത്തിൻെറ കളിത്തൊട്ടിലാണ് റോം. പക്ഷെ, ആ തൊട്ടിലിൽ കളിക്കുവാൻ പ്രഭുക്കൻമാർക്കു മാത്രമെ സ്വാതന്ത്ര്യമുണ്ടായിരുന്നുള്ളൂ. അന്ന് ജനങ്ങളിൽ രണ്ടു വർഗമുണ്ടായിരുന്നു. എല്ലാ സുഖസൗകര്യങ്ങളുമനുഭവിക്കുന്ന പ്രഭുവർഗം. മറേറതോ?

പരിപൂർണ്ണനഗ്നരായ് പൊടിമരു
ഭൂമിയിൽ
പാറപൊട്ടിക്കുന്ന വർഗം.
വയലിലും ഖനിയിലും കനകം വിളയിച്ചു
വയറൊട്ടിവലയുന്നവർഗം.

പൊടിമരുഭൂമിയിലെ പൊള്ളുന്ന ചൂടിൽ ഖനികളിൽക്കിടന്ന് എല്ലുമുറിയെപ്പണിയെടുക്കുന്ന അടിമകൾ. അവരെ അവിടെ എത്തിക്കുന്നത് പ്രഭുക്കൻമാരുടെ കങ്കാണിമാരാണ്. തങ്ങൾ മനുഷ്യരാണെന്ന ബോധം തലമുറകളായി അടിമകൾക്കു നഷ്ടപ്പെട്ടിരിക്കുന്നു. കൂടുതൽ പണിയെടുക്കാത്തവരേയുംതടിമിടുക്കുള്ളവരേയും പണിസ്ഥലങ്ങളിൽ നിന്നും 'അറീന'യിലേക്കു കൊണ്ടുപോകും.

അറീന, അറീന, അറീന
അടിമയുമടിമയു മടരാടുന്നൊരറീന
റോമൻ പ്രഭുക്കൾ തന്നുല്ലാസകേന്ദ്രം
അറീന അറീന അറീന

അറീനയിൽ ആഫ്രിക്കക്കാരനും, റോമനും, കറുത്തവനും, വെളുത്തവനുമെല്ലാമുണ്ട്. എല്ലാവരുമവിടെ വളർത്തു മൃഗങ്ങൾ മാത്രം.

അണിയണിയായ് നീങ്ങിവരും
അടിമകളെകണ്ടോ

കൈവിലങ്ങും ചങ്ങലയും അണിഞ്ഞവരെ കണ്ടോ.

അവർ പരസ്പരം മല്ലയുദ്ധം നടത്തണം. ഒരു ഫുട്ബോൾ കളി കാണുന്ന ലാഘവത്തോടെ റോമൻ പ്രഭുക്കൾക്ക് അതുകണ്ട് രസിക്കണം. അതിനു വേണ്ടി എത്ര പണം മുടക്കുവാനും അവർ ഒരുക്കമാണ്. മല്ലൻമാരിൽ ഒരാൾ മരിക്കണം. ചോരതെറിക്കണമെന്ന കാര്യം വളരെ നിർബ്ബന്ധമാണ്. ബതിയാത്തൂസ് എന്ന പണക്കൊതിയൻ നടത്തുന്ന ഒരറീനയിലേക്ക് നമുക്കൊന്നു കടന്നു ചെല്ലാം. അവിടെ ധാരാളം അടിമകളുണ്ട്. ബതിയാത്തൂസ് അവരെ തീററിപ്പോററി വളർത്തുന്നു. അവർക്ക്....

ഗോതമ്പു വിളയിച്ച കാലത്തുംപട്ടിണി
സ്വർണ്ണം വിളയിച്ച കാലത്തുംപട്ടിണി
സ്വന്തം സഹോദരനെ വെട്ടി വീഴ്ത്തുമ്പോഴോ
മൃഷ്ടാന്ന ഭോജനം മൃഷ്ടാന്ന ഭോജനം.

അതാ, ആ ഭാഗത്താണ് അടിമകളെ പാർപ്പിക്കുന്നത്. സമയം രാത്രി. അവിടെ ഒരു സ്ഥലത്തു നിന്നു മാത്രം അരണ്ട വെളിച്ചം കാണുന്നു. ആ വെളിച്ചം കാണുന്ന ഭാഗത്തേക്ക് ഒരു കറുത്ത മനുഷ്യപർവതം

നടന്നടുക്കുന്നു ആഫ്രിക്കക്കാരൻ ഡ്രാബാ എന്ന കറുത്ത അടിമ മല്ലൻ. അയാളെങ്ങോട്ടാണീ രാത്രിയിൽ? അവിടെ ആ വെളിച്ചം കണ്ട സ്ഥലത്ത് ഒരു മനുഷ്യൻ കിടന്നുറങ്ങുന്നു. ചെമ്മരിയാടിന്റെ മുഖം. പിച്ചള പ്രതിമകണക്കേയുള്ള ശരീരം. മൂക്കിനു താഴെ ചാട്ടവാറടിയേററ മുറിവ്. അതാണ് സ്പാർട്ടക്കസ്. അടിമകൾക്കൊക്കെ ആരാധ്യനായ സ്പാർട്ടക്കസ്. ആരുടെ മുമ്പിലും അയാൾ തല കുനിക്കാറില്ല. പക്ഷെ ഭയപ്പെടുത്തുന്ന സൗമ്യത. പയററു മല്ലൻമാരുടെ ജീവിതത്തിൽ സ്നേഹത്തിനു സ്ഥാനമില്ല. പക്ഷെ സ്പാർട്ടക്കസിനു സ്ഥാനമുണ്ട്. കണ്ണടച്ചു കിടക്കുന്ന അയാളുടെ കാലിൽ ഒരുസ്ത്രീ കെട്ടിപ്പിടിച്ചു കരയുന്നു. അയാൾക്കെന്തു പററി? ഒന്നും പററിയിട്ടില്ല. അയാൾ ഉറങ്ങുകയാണ്. ഈ സ്ത്രീ എന്തിനാണ് കരയുന്നത്? അവിടെ കടന്നു വന്ന ഡ്രാബ എന്ന കറുത്ത മനുഷ്യ പർവ്വതത്തോട് അവളുടെ കണ്ണുകൾ എന്തോ അഭ്യർഥന നടത്തുന്നില്ലേ?

എന്നെയും എന്റെ കണവനെയും നീ ഇന്നു കൊല്ലുമോ നിർദ്ദയം?

ഡ്രാബായ്ക്ക് അത് സഹിക്കുവാൻ കഴിയുന്നില്ല. അയാൾ, ഉറങ്ങിക്കിടക്കുന്ന

സ്പാർട്ടക്കസിനെ വിളിച്ചുണർത്തി അപേക്ഷിക്കുകയാണ്. "വയ്യ സ്പാർട്ടക്കസ് എനിക്കു നിങ്ങളെക്കൊല്ലാൻ കഴിയില്ല. എന്നെക്കൊണ്ടതാവില്ല സ്പാർട്ടക്കസ്. ആവില്ല." ഡ്രാബ പൊട്ടിക്കരയുകയാണ്. പിറേറന്ന് ബതിയാത്തൂസിൻെറ അറീനയിൽ ഏററുമുട്ടി മരണം വരിക്കേണ്ടവരാണ് അവർ. രണ്ടിലൊരാരം മരിക്കണമെന്നു നിർബന്ധമാണ്. ബതിയാത്തൂസ് പോരിന് തീയതി നിശ്ചയിച്ച് റോമൻ പ്രഭുക്കൻമാരോട് അഡ്വാൻസ് വാങ്ങിക്കഴിഞ്ഞു. സ്പാർട്ടക്കസിനെ വക വരുത്തണമെന്ന അനേക നാളത്തെ അഭിലാഷം സാക്ഷാൽക്കരിക്കാമെന്ന പ്രതീതിയാണ് ബതിയാത്തൂസിനുള്ളത്. അതിനു കാരണമുണ്ട്. "അടിമകളൊക്കെ എന്തിനാണ് സ്പാർട്ടക്കസിനെ ആരാധിക്കുന്നത്"? ഈ പക ആളിക്കത്താൻ മറെറാരു കാരണവും കൂടിയുണ്ട്. ബതിയാത്തൂസ് അടിമച്ചന്തയിൽ നിന്നും ഒരു ജർമ്മൻ അടിമപ്പെണ്ണിനെ വാങ്ങി. സ്വന്തമാക്കാമെന്നു കരുതി വാങ്ങിയതാണ്.

സൗന്ദര്യ ധാമമാണു സോഫിയ
സൗശീല്യ രത്നമാണു സോഫിയ
പാഴ്ചെളിയ്ക്കുള്ളിലെ താമരപ്പൂമൊട്ട്
പാരാവാരത്തിലെ വർണ്ണമുത്ത്

പക്ഷെ അവരം ബതിയാത്തൂസിന് വഴ ങ്ങിയില്ല. പല അടവുകളും പ്രയോഗിച്ചു പരാജയപ്പെട്ടപ്പോരം പൊതിരെത്തല്ലി. അവരം കുലുങ്ങിയില്ല. പതറാതെ തളരാതെ പിടി ച്ചു നിന്നു. ആ അടിമപ്പെണ്ണിൻെറ ധൈ ര്യം സ്പാർട്ടക്കസിനെ ആകർഷിച്ചു. ബ തിയാത്തൂസ് അവളെ ആ മൂക്കു മുറിയ നടിമയ്ക്കു സമ്മാനിച്ചു. അവളൊരു പാഠം പഠിക്കട്ടെ എന്നു കരുതിയാണ് അയാളങ്ങ നെ ചെയ്തത്. എന്നാൽ സ്പാർട്ടക്കസി ൻെറ ഉള്ളിലെ വലിയ മനുഷ്യനെ അവരം കണ്ടു. അയാരം അവളോടു പറഞ്ഞു. സോഫിയ—

അംഗലാവണ്യമല്ല, നിൻെറ സൗശീല്യമല്ല
എന്നെയാകർഷിച്ചതു നിൻെറ ധൈര്യം.
(അംഗലാവണ്യമല്ല........)

അവർ ഇങ്ങനെ ഇഴുകിച്ചേരുമെന്ന് ബതി യാത്തൂസ് തീരെ പ്രതീക്ഷിച്ചിരുന്നില്ല. ആരാത്രിയിൽ സ്പാർട്ടക്കസ് ഡ്രാബയെ ആശ്വസിപ്പിച്ചു. "പാടില്ല ഡ്രാബ നാളെ നീ പോരാടണം. അടിമയ്ക്കു ഹൃദയമില്ല. ഉണ്ടെങ്കിൽത്തന്നെ അതു കല്ലുകൊണ്ടായിരി ക്കണം. അറീനയിലെത്തുമ്പോരം ആവുന്നത്ര ശക്തിയിൽ നീ എന്നെ ആഞ്ഞുകുത്തണം;

ന്റെ ചാട്ടുളികൊണ്ട്. എന്റെ കുന്തം കൊണ്ട് ഞാനും ഡ്രാബ കരഞ്ഞുകൊണ്ടു തന്നെ മടങ്ങിപ്പോയി.

പ്രഭാതമായി. പോരിനു സമയമായി. അതാ മണിമുഴങ്ങുന്നു. അതാ പ്രഭുക്കൻമാർ നിരന്നിരിക്കുന്നു. അതിഥികരം കുടിച്ച് കൂത്താടിയിരിക്കയാണ്. ഇന്ന് ശരിയ്ക്കൊരു പോരു നടക്കും. നല്ല സംഖ്യ കിട്ടും. സ്പാർട്ടക്കസിന്റെ കഥ കഴിയും. സോഫിയയോട് പകരം വീട്ടാം. ഒരു വെടിക്കു രണ്ടു പക്ഷി. ബതിയാത്തൂസ് ആഹ്ളാദചിത്തനാണ്. വീണ്ടും അതാ മണിമുഴങ്ങുന്നു. മല്ലൻമാരെ അറീനയിലേക്കാനയിച്ചു കഴിഞ്ഞു. ഡ്രാബ തല കുനിച്ചു നിൽക്കുകയാണ്. സ്പാർട്ടക്കസിന് തെല്ലും കുലുക്കമില്ല. പെട്ടെന്നാണതു സംഭവിച്ചത്. ഡ്രാബ, കാണികളിരിക്കുന്ന ഗ്യാലറിയിലേക്ക് പാഞ്ഞുകയറി കണ്ണിൽക്കണ്ടവരെയെല്ലാം കുത്തിയെറിഞ്ഞു. എറിയപ്പെട്ടവർ വീണ്ടും കുന്തമുനയിൽത്തന്നെ വന്നു വീണു. റോമൻ പട്ടാളക്കാരതാ അങ്ങോട്ടു നീങ്ങുന്നു. ഡ്രാബ, അതിഥികളിരിക്കുന്ന ഗ്യാലറിയിലേക്കു കടന്നു കയറുകയാണ്. പട്ടാളക്കാർ ചുററും വളഞ്ഞ് ഡ്രാബയെ

കുത്തുന്നു. ഒരു ഭടൻെറ കുത്തേററ് ഡ്രാബ നിലംപതിച്ചു. ഡ്രാബ മരിച്ചു. സ്പാർട്ട ക്കസ് തലകുനിച്ചു. അയാളുടെ ഉള്ളിൽ ഒരു സംഘട്ടനം നടക്കുകയാണ്. "എല്ലാത്തി നേയും ചുട്ട പാഠം പഠിപ്പിക്കുക." ബതി യാത്തൂസ് അലറി.

പിറേറന്നു കുന്തമുനയിൽ നിർത്തി
മറെറാരാഫ്രിക്കനെ, ഡ്രാബയേയും
മുള്ളുവേലിയ്ക്കു മുഖം ചുളിഞ്ഞു
മുകളിൽ കഴുകൻ ചിറകടിച്ചു.

അറീനയുടെ വേലിയ്ക്കരുകിൽ മരിച്ച ഡ്രാബയുടെ ജഡത്തോടൊപ്പം മറെറാരു കറുത്തവനെക്കൂടി നിർദ്ദയം കൊന്ന് തറച്ചു. ഈ ബതിയാത്തൂസിനോടു കളിച്ചാൽ ഇതാ ണനുഭവം." കളിമുടങ്ങിയതിലുള്ള പ്രതി കാരം അങ്ങനെ നിറവേററി. എന്നാൽ സ് പാർട്ടക്കസിനോടുള്ള പ്രതികാരം പിന്നെ യും നിലനിൽക്കയാണ്. ബതിയാത്തൂസ് ചന്തയിൽ പോയ സമയം, അടിമകൾ പ്രഭാത ഭക്ഷണത്തിനിരിക്കയാണ്. ആരും ഒന്നും കഴിക്കുന്നില്ല. എല്ലാവരുടെയും കൺ മു മ്പിൽ ഡ്രാബയുടെ മുഖം. അറീനയിലെ ഗ്യാലറിയിലേക്ക് കുതിച്ചുകയറിയ ഡ്രാബ

യുടെ മുഖം. കുന്തമുനയിൽ കുത്തിനിർത്തിയ ഡ്രാബയുടെ മുഖം. എന്തും സംഭവിക്കാവുന്ന മൗനത്തിന്റെ നിമിഷങ്ങൾ. എല്ലാവരും സ്പാർട്ടക്കസിനെ ഉററു നോക്കുന്നു. "ഞാൻ സ്വതന്ത്രനായൊരുമനുഷ്യനാണ്." സ്പാർട്ടക്കസ് ഉറക്കെ പ്രഖ്യാപിച്ചു. "നിങ്ങളാരെങ്കിലും എന്നോടൊപ്പം ചേരുന്നുണ്ടോ?" പെട്ടെന്നൊരു പൊട്ടിത്തെറിയുണ്ടായി കൂർത്ത കല്ലുകളുമായി അടിമകൾ കാവൽക്കാരുടെ നേരെ അടുത്തു. അമ്പതിലധികം വരുന്ന റോമൻ പടയാളികളെ നിരായുധരായ അടിമകൾ നിമിഷങ്ങൾക്കുള്ളിൽ വകവരുത്തി. അവർ അറീനവിട്ടോടി. വിവരമറിഞ്ഞ 'കാപ്പാ'നഗരത്തിലെ പട്ടാളം മുഴുവൻ അവരെ വേട്ടയാടാനിറങ്ങി. കാട്ടിൽ വച്ച് പട്ടാളക്കാർ അടിമകളെ വളഞ്ഞു. സ്പാർട്ടക്കസ് പറഞ്ഞു "ആരും ഓടരുത്. തിരിഞ്ഞു നിൽക്കുവിൻ.

വിജയ ഭേരിയാക്കുവിൻ പടയുടുപ്പണിയുവിൻ
അജയ്യമായ ശക്തിയാണു നമ്മളെന്നതോർക്കുവിൻ
ഗ്ലാഡിയേററർ മാരേ നമ്മൾ റോമിനെ തകർക്കണം

അടിമ വർഗ്ഗ മോചനത്തിനണികളായ്
നീങ്ങണം

അടിമകൾ ചെറുത്തു നിന്നു. വിജയം വരിച്ചു. അങ്ങനെ ഒരു ദിവസത്തിൽത്തന്നെ രണ്ടു പ്രാവശ്യം അടിമ, യജമാനനെ തോൽപ്പിച്ചു. സ്പാർട്ടക്കസിന്റെ നേതൃത്വത്തിൽ റോമൻ പട്ടാളക്കാരുടെ വസ്ത്രങ്ങളും ആയുധങ്ങളുമണിഞ്ഞ് അടിമകൾ നീങ്ങുകയാണ്. വൈകുന്നേരമായപ്പോഴേക്കും അവരുടെ സംഖ്യ രണ്ടായിരമായി. "നമ്മൾ റോമാസാമ്രാജ്യത്തിലെ മുഴുവൻ അടിമകളേയും മോചിപ്പിക്കും." വഴിയിൽ നിന്നും ധാരാളം അടിമകൾ ആ സംഘത്തിൽ ചേർന്നു. അവർ ഒരു മൈതാനത്ത് വിശ്രമിക്കുകയാണ്. വാർത്തയറിഞ്ഞ സെനററ് ഒരു സംഘം പട്ടാളത്തെ അവിടേക്ക് അയച്ചു. പക്ഷെ,

വന്ന വന്ന ഭടൻമാരെയെല്ലാം
കൊന്നൊടുക്കിയടിമസൈന്യങ്ങൾ
പിന്നൊരാളെ നിരായുധനാക്കി
ത ന്നേവിട്ടൊരു ദൂത നായിട്ട്.

സെനററിന് കുലുക്കമുണ്ടായി. സ്പാർട്ടക്കസിന്റെ സന്ദേശവുമായി ഒരു റോ

മൻ പടയാളി മടങ്ങിവരികയോ! 'ക്രാസ സി'ന്റെ നേതൃത്വത്തിൽ ഒരു ഭീകര സൈന്യത്തെ അടിമകളെ നേരിടാനയച്ചു. ആഴ്ചകളോളം നീണ്ടുനിന്ന ഘോരയുദ്ധം. ആദ്യ വിജയം സ്പാർട്ടക്കസിനു തന്നെ. തന്ത്രശാലിയായ ക്രാസസ് പ്രയോഗിച്ച ചതിയിൽ അടിമകളുടെ വിജയ സൂര്യൻ അസ്തമിച്ചു. "എന്ത് സ്പാർട്ടക്കസ് മരിച്ചെന്നോ?" അടിമകൾ അതു വിശ്വസിച്ചില്ല. സ്പാർട്ടക്കസ് മരിക്കില്ല. സ്പാർട്ടക്കസിനു മരണമില്ല. സ്പാർട്ടക്കസ് ജീവിക്കുന്നു. അടിമത്തം നിലനിൽക്കുന്ന കാലത്തോളം, തലമുറകളിലൂടെ ആ അടിമ വർഗ വിമോചകൻ ജീവിക്കുന്നു. അദ്ധ്വാനിക്കുന്നവന്റെ ആശ്വാസ വായുവായി. ബന്ധിക്കപ്പെട്ട കൈകളുടെ പ്രതീക്ഷയായി അലകടലും അംബരവും ഭേദിച്ചുകൊണ്ട് ആ അൽഭുത നാമധേയം ഇന്നും നിലനിൽക്കുന്നു.
'സ്പാർട്ടക്കസ്.'

കടുംപാറപൊട്ടിച്ചുടയ്ക്കുന്ന കൈകൾ
ഇരുമ്പൊത്തു തല്ലിത്തഴമ്പിച്ച കൈകൾ
ഉലയ്ക്കുള്ളിലൂതിപ്പഴുപ്പിച്ച കൈകൾ

കലപ്പക്കഴുത്തിൽ തുടിക്കുന്ന കൈകൾ
കൊഴുക്കുന്ന ചേറിൽ പുളയ്ക്കുന്നകൈകൾ
ഒടുങ്ങാത്ത ദണ്ഡങ്ങൾ കൊയ്യുന്നകൈകൾ
മനുഷ്യൻെറ കൈകൾ മനുഷ്യൻെറ
കൈകൾ
മനുഷ്യൻെറ കൈകൾ മനുഷ്യൻെറ
കൈകൾ

★

സയൻസ് ക്രീം '81

ഇ. എം. എസിന്റെ വേദങ്ങളുടെ നാട്
ഉൾപ്പെടെ പത്തു പുസ്തകങ്ങൾ.
നോട്ടുബുക്കു സൈസ്
വില 50 രൂപ.
പ്രീപബ് വില 27 രൂപ.
ശാസ്ത്രകലാജാഥാ വാനിൽ പണമടയ്ക്കാം.

നേരിട്ട് M.O. അയയ്ക്കേണ്ട വിലാസം:

കൺവീനർ
പ്രസിദ്ധീകരണ സമിതി
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
കൊല്ലം 691013